# മനുഷ്യസാന്നിധ്യം ദേവസ്ഥാനത്തെ അശുദ്ധമാക്കുമോ?

**ആഢ്യന്മാരും** വിശുദ്ധരുമായ ജനത എന്ന് സ്വയം കരുതിപ്പോന്ന ഒട്ടേറെ ജനവിഭാഗങ്ങളുണ്ടായിട്ടുണ്ട്. വംശീയത, സാമ്രാജ്യത്വം തുടങ്ങിയ ആപത്കരമായ പല അവസ്ഥകളുടെയും അടിസ്ഥാനം ഈ ബോധമാണ്. ചിലപ്പോൾ ഒരു ജനതക്കുള്ളിൽതന്നെ അറിവ്, അധികാരം, സമ്പത്ത് തുടങ്ങിയവ കൈയടക്കുന്ന ഒരു പ്രത്യേക വർഗം അതേ സമുദായ ഘടനക്കകത്തുതന്നെയുള്ള മറ്റു വിഭാഗങ്ങളെ അധമരായി മുദ്രകുത്തുന്നു. അതിന് പിൻബലമേകുന്ന മതങ്ങളെയും വിശ്വാസങ്ങളെയും ദൈവങ്ങളെപ്പോലും സൃഷ്ടിക്കുകയും ചെയ്യുന്നു.

ഇങ്ങനെ തരംതാഴ്ത്തപ്പെടുന്ന വർഗങ്ങൾ ദൃഷ്ടിക്കുപോലും അഹിതകരമാകുമാറ് നീചരും അശുദ്ധരുമായി പരിഗണിക്കപ്പെട്ടുപോന്നിട്ടുള്ളത് ഒരുപക്ഷേ ഇന്ത്യയിൽ മാത്രമായിരിക്കാം. ഇതുമായി ബന്ധപ്പെട്ട് ഉടലെടുത്തിട്ടുള്ള മനുഷ്യവിരുദ്ധമായ അനേകം ആചാരങ്ങളിലൊന്നാണ് പുണ്യാഹം തളിക്കൽ. ശുദ്ധീകരണവുമായി ബന്ധപ്പെട്ട പദമാണ് പുണ്യാഹം. ശുദ്ധീകരണ ദിനം എന്നും ശുദ്ധീകരണ പ്രക്രിയ എന്നും അതിനർഥമുണ്ട്. പുണ്യാഹം തളിക്കൽ എന്നു പറഞ്ഞാൽ വെള്ളമോ ചാണകം ചേർന്ന വെള്ളമോ മറ്റോ ഉപയോഗിച്ച് മന്ത്രോച്ചാരണത്തോടെ നടത്തുന്ന ശുദ്ധീകരണ ക്രിയ. അശുദ്ധമായതെന്തോ സംഭവിക്കുകയോ പ്രവേശിക്കുകയോ ചെയ്യുമ്പോഴാണല്ലോ ഒരു സ്ഥലം ശുദ്ധീകരിക്കുക. ഒരു മനുഷ്യന്റെ പ്രവേശനം, സാന്നിധ്യം ഒരു പ്രദേശത്തെ ആത്മീയമായോ ഭൗതികമായോ അശുദ്ധിയുള്ളതാക്കി മാറ്റിയിരിക്കുന്നുവെന്ന കാരണത്താലാണ് പുണ്യാഹക്രിയ നടക്കുന്നത്. ശുദ്ധീകരണത്തിനുപയോഗിക്കുന്ന കന്നുകാലി വിസർജ്യത്തേക്കാൾ അധമനായിരിക്കണം അപ്പോൾ അശുദ്ധിക്ക് കാരണമായിത്തീരുന്ന മനുഷ്യൻ. തന്റെ സാന്നിധ്യം കൊണ്ടുമാത്രം ഒരു ദേവസ്ഥാനത്തിന്റെ വിശുദ്ധി നഷ്ടപ്പെടുകയാണ്. ഒരു മനുഷ്യന്റെ കേവലമായ സാന്നിധ്യം കൊണ്ട് നഷ്ടപ്പെടാവുന്ന ആത്മീയ വിശുദ്ധിക്ക് എന്ത് ബലമാണുള്ളത്?

### വിശ്വാസവും പാരമ്പര്യവും

മനുഷ്യൻ, മനുഷ്യന്റെ ആത്മീയതയും വിശുദ്ധിയും, ആദർശപാരമ്പര്യം തുടങ്ങിയ വിഷയങ്ങളുമായി ബന്ധപ്പെട്ട ചില പ്രശ്നങ്ങൾ ഗുരുവായൂരിലെ പുണ്യാഹകർമം മുന്നോട്ടുവെക്കുന്നുണ്ട്. ഒരാൾ സ്വയം അംഗീകരിക്കുന്നതോ പ്രഖ്യാപിക്കുന്നതോ അല്ല അയാളുടെ മതവിശ്വാസമെന്നും അത് അയാളെ ജനിപ്പിച്ച ഗർഭപാത്രമാണ് നിർണയിക്കുന്നതെന്നും വാദിക്കപ്പെടുന്നു. എന്നാൽ ഒരാളുടെ മതവും വിശ്വാസവും ഏതാണെന്ന് യഥാർഥത്തിൽ തീരുമാനിക്കേണ്ടതാരാണ്? താൻ ഉറച്ച ഹിന്ദുമതവിശ്വാസിയാണെന്നും ക്രിസ്ത്യാനിയായ അമ്മയുടെ മതവിശ്വാസം തന്നെ സ്വാധീനിക്കുകയോ താനതംഗീകരിക്കുകയോ ചെയ്തിട്ടില്ലെന്നും ഒരാൾ പറയുമ്പോൾ അയാളോട് നീ ഹിന്ദുവല്ലെന്നു പറയാൻ ആർക്ക് പറ്റും? മതവും വിശ്വാസവും പാരമ്പര്യകൃതമാണെന്നും ഒരാളുടെ ബോധ്യമോ അംഗീകാരമോ അതിൽ ഒട്ടും പരിഗണനീയമല്ലെന്നും വരുന്നത് യഥാർഥത്തിൽ ന്യായമാണോ?

കേവലം വംശപാരമ്പര്യത്തെ ആധാരമാക്കുകയും അതിൽ ഊറ്റം കൊള്ളുകയും ചെയ്യുന്ന സമൂഹങ്ങൾ യാഥാസ്ഥിതികവും പുരോഗമനവിമുഖവുമായിത്തീരുന്നു. പിതൃപ്രതന്മാർ (പിതൃ ഉപാസന ചെയ്യുന്നവർ) എന്ന് ഭഗവദ്ഗീതയിൽ പരാമർശിക്കുന്നത് ഇങ്ങനെയുള്ളവരെയാണെന്ന് നിത്യചൈതന്യയതി അദ്ദേഹത്തിന്റെ ഗീതാവ്യാഖ്യാനത്തിൽ പറയുന്നുണ്ട്. ഇവർക്ക് പാരമ്പര്യത്തിന്റെ മൂഢമായ ആഢ്യത്വത്തെ മുറുകെപ്പിടിക്കാൻ കഴിഞ്ഞേക്കാം; എന്നാൽ സത്യത്തെ അറിയുകയും പരം പൊരുളിനെ ഉപാസിക്കുകയും ചെയ്യുന്നതിൽ ഇവർ പരാജയപ്പെടുമെന്നാണ് തുടർന്ന് ഗീത സൂചിപ്പിക്കുന്നത്. പ്രവാചകന്മാർ പൊതുവെ മനുഷ്യ പാരമ്പര്യത്തിൽനിന്നും സ്വന്തം സമുദായ പാരമ്പര്യത്തിൽനിന്നും സത്യമായത് മാത്രം നിലനിർത്തുകയും സത്യവിരുദ്ധവും അമാനവികവുമായവയെ നിരാകരിക്കുകയും ചെയ്തു. ജനതകളുടെ പിതാവായ ഇബ്റാഹീം പാരമ്പര്യസിദ്ധമായ വിശ്വാസങ്ങളെയും ധാരണകളെയും തീർത്തും വലിച്ചെറിഞ്ഞതാണ് സത്യാന്വേഷണത്തിനുള്ള പ്രേരണയായിത്തീരുന്നത്. ബുദ്ധനും യേശുവും മുഹമ്മദ് നബിയുമെല്ലാം തന്നെ കേവല ജന്മസിദ്ധമാകുന്ന മതപാരമ്പര്യത്തെയും സാമുദായികതയെയും തങ്ങളുടെ ജീവിതം കൊണ്ടും പ്രബോധനം കൊണ്ടും നിരാകരിക്കുന്നതായി കാണാം.

### ശുദ്ധാശുദ്ധങ്ങൾ, ജാതി

എന്നാൽ ഒരേ സമുദായഘടനക്കകത്തുതന്നെ ഒരു വർഗത്തെ പിന്തള്ളുന്നതിനു വേണ്ടിയും കൃത്രിമമായ പാരമ്പര്യബോധങ്ങൾ സൃഷ്ടിക്കുന്നു. ഇന്ത്യൻ സമൂഹത്തിലെ ജാതിവ്യവസ്ഥ ഇതിനുദാഹരണമാണ്. ജാതി എന്നാൽത്തന്നെ ജന്മനാ ലഭിക്കുന്നതെന്നർഥം. വംശാഭിമാനികളായ ആര്യന്മാരാണ് ജാതിവ്യവസ്ഥ സൃഷ്ടിച്ചത്. വംശീയത എല്ലായ്പ്പോഴും മനുഷ്യരെ തട്ടുകളാക്കാറുണ്ട്. യഹൂദന്മാർ വിജാതീയരെക്കുറിച്ച് വെച്ചുപുലർത്തുന്ന സങ്കൽപങ്ങളും ഉദാഹരണമാണ്. എന്നാൽ തികച്ചും അസ്പൃശ്യത കൽപിക്കുന്ന വിധത്തിലുള്ള ഉച്ചനീചത്വ ഭാവം

ഒരുപക്ഷേ ഇന്ത്യയിലേ ഉണ്ടായിരുന്നിരിക്കൂ. അതും ആര്യ സംസ്കൃതിയുമായി ബന്ധപ്പെട്ട ജാതി എന്ന സംസ്കൃത പദത്തിന് തുല്യമായ പദം ദ്രാവിഡ ഭാഷകളിലൊന്നിലുമില്ല. സ്പീഷീസ് (ജൈവജാതി) എന്ന അർഥത്തിൽ ജാതി എന്ന പദം ഉപയോഗിക്കുന്നുണ്ടെങ്കിലും ജാതിസമ്പ്രദായം എന്നതിൽ അർഥം അതല്ല. അതിന് ഇംഗ്ലീഷിൽ caste എന്നു പറയും. ഈ വാക്ക് ഇംഗ്ലീഷിൽ രൂപപ്പെട്ടതിനുപോലും ഇന്ത്യൻ പശ്ചാത്തലമാണുള്ളത്. പതിനാറാം ശതകത്തിൽ ഇന്ത്യയിൽ വന്ന പോർച്ചുഗീസുകാർ ഇവിടത്തെ സമുദായ ജാതികളെ castas എന്നു വിളിച്ചു. പോർച്ചുഗീസിൽ കാസ്റ്റാസ് എന്നു പറഞ്ഞാൽ യഥാർഥത്തിൽ സ്പീഷീസ്, വർഗം, ഗോത്രം തുടങ്ങിയ അർഥങ്ങളാണുള്ളത്. ഇതിൽനിന്നാണ് caste എന്ന ഇംഗ്ലീഷ് പദമുണ്ടാകുന്നത്.

വൈദിക (വൈദികം എന്നാൽ വേദത്തിൽനിന്നുള്ളത്. യഥാർഥ വേദപാഠങ്ങൾ മനുഷ്യരിലെ ഉച്ചനീചത്വത്തെ അംഗീകരിക്കുന്നില്ല) ബ്രാഹ്മണ മതം സ്വന്തം ജനതയെത്തന്നെ നാല് വർണങ്ങളായിത്തിരിച്ചിരുന്നു. പിന്നീട് വൈദികമതത്തിനെതിരായ ബുദ്ധമത കലാപത്തെയും മറ്റും പരാജയപ്പെടുത്തുന്നതിന് മറ്റു സമുദായങ്ങളെക്കൂടി ഉൾക്കൊള്ളും വിധം വൈദിക സമുദായ ഘടന പരിഷ്കരിക്കപ്പെട്ടു. എന്നാൽ അത്തരം വിഭാഗങ്ങളെ സമുദായഘടനക്കകത്ത് അന്യരായിത്തന്നെ നിലനിർത്തുകയും ചെയ്തു. ജാതികളിൽ ചിലതിനെ ശൂദ്രവർണത്തിൽപെട്ടവരായി പരിഗണിച്ചു. ബാക്കിയുള്ളവർ പഞ്ചമർ, അന്യജാതി, അവർണർ, നാമശൂദ്രർ എന്നെല്ലാമറിയപ്പെട്ടു. സമുദായത്തിനകത്തുള്ളവർ എന്ന ബോധം അവരിൽ സൃഷ്ടിക്കുകയും എന്നാൽ അന്യരായിത്തന്നെ (അന്യജാതി) അവരെ പരിഗണിക്കുകയും ചെയ്തു എന്നർഥം.

വിശുദ്ധിയെക്കുറിച്ച സവർണ സങ്കൽപം ജാതികളെ അസ്പൃശ്യരാക്കി. കേരളത്തിൽ നിലനിന്ന രീതിയനുസരിച്ച് ബ്രാഹ്മണരിൽനിന്ന് 16 അടി മാറിയേ നായർക്ക് നിൽക്കാൻ പാടുള്ളൂ (നായർ സ്ത്രീകളുമായുള്ള നമ്പൂതിരിമാരുടെ സംബന്ധത്തിന് ഇത് ബാധമകല്ല!). ഈഴവൻ ബ്രാഹ്മണനിൽനിന്ന് 32 അടിയും നായരിൽനിന്ന് 16 അടിയും മാറിനിൽക്കണം. പുലയൻ ബ്രാഹ്മണനിൽനിന്ന് 64 അടി മാറിനിൽക്കണം.

നീചശ്രേണിയിൽ പെട്ടവർക്ക് മാനുഷിക പരിഗണനകളും മനുഷ്യാവകാശങ്ങളും നിഷേധിക്കപ്പെട്ടു. പൊതുസ്ഥലങ്ങൾ, പൊതുസ്ഥാപനങ്ങൾ, ആരാധനാലയങ്ങൾ തുടങ്ങിയവയെല്ലാം വിലക്കപ്പെട്ടു. നടക്കുന്ന വഴി അശുദ്ധമാകാതിരിക്കാൻ വഴി വൃത്തിയാക്കുംവിധം ചാണകവെള്ളത്തിൽ മുക്കിയ ചൂല് ചില ജാതിക്കാർ അരയിൽ തൂക്കി നടക്കേണ്ടതുണ്ടായിരുന്നു ചിലയിടങ്ങളിൽ.

എല്ലാ ദുരനുഭവങ്ങളുടെയും ഉത്തരവാദിത്വം അതനുഭവിക്കുന്നവരിൽതന്നെ ചുമത്താൻ കർമഫല പുനർജന്മ സിദ്ധാന്തം രൂപപ്പെടുത്തിക്കളഞ്ഞു പുരോഹിതന്മാർ. മുജ്ജന്മ പാപങ്ങളുടെ ശിക്ഷകൾ അനുഭവിച്ചെങ്കിലേ മോക്ഷം സാധിക്കൂവെന്ന നിലക്ക് ദുരിതമേൽപിക്കുന്ന മേൽജാതിക്കാർ തങ്ങൾക്ക് ഗുണമാണ് ചെയ്യുന്നതെന്നു കൂടി ചിന്തിക്കേണ്ടിവന്നു നീചസ്ഥർക്ക്. 'ജാതിയുടെ ബാധയില്ലാത്ത ഹിന്ദുമതം സൃഷ്ടിക്കുകയെന്നത് ഉപ്പില്ലാക്കടൽ പുത്തനായി കുഴിക്കാനുള്ള ശ്രമം പോലെ അസാധ്യമാണെ'ന്ന് പറയേണ്ടിവന്നിട്ടുണ്ട് സഹോദരൻ അയ്യപ്പനെപ്പോലുള്ള പരിഷ്കർത്താക്കൾക്ക്.

ഒട്ടേറെ നവോത്ഥാന പരിശ്രമങ്ങൾക്കൊടുവിൽ വിവേചനങ്ങൾക്ക് വിധേയരായിക്കൊണ്ടുതന്നെയെങ്കിലും ജാതികൾക്ക് ചില പൊതു അവകാശങ്ങളെല്ലാം അംഗീകരിക്കപ്പെട്ടു. എന്നാൽ വംശീയമായ ഔദ്ധത്യബോധം പലരിലും നിലനിൽക്കുന്നതിന്റെ തെളിവാണ് ഇപ്പോഴത്തെ പുണ്യാഹക്രിയ. മനുഷ്യരിൽ ഇപ്പോഴും ജന്മനാ ഉത്കൃഷ്ടരും, സ്പർശനവും ദർശനവും പോലും അശുദ്ധിയുണ്ടാക്കുമാറ് അധമരും ഉണ്ടെന്നുള്ള പ്രഖ്യാപനം.

മനുഷ്യരെ ഇപ്രകാരം തട്ടുകളാക്കുകയോ അവരിൽ അസ്പൃശ്യത കൽപിക്കുകയോ ചെയ്യുന്ന സമീപനത്തെ യഥാർഥ വേദവാക്യങ്ങളും പ്രവാചകന്മാരും നിരാകരിക്കുന്നു. മനുഷ്യരെല്ലാവരും ഒരേ ആത്മാവിൽനിന്ന് പുറപ്പെടുന്നവർ എന്ന കാഴ്ചപ്പാടാണ് വേദപാഠങ്ങൾക്കുള്ളത് (ഖുർആൻ: 4:1). 'അവനിയിലാദിമമായൊരാത്മരൂപം' എന്ന് ശ്രീനാരായണഗുരു. ഇതിൽ ആത്മീയമായ അതിരുകവിച്ചൽ നടത്തി ഒരു തത്ത്വമേ നിലനിൽക്കുന്നുള്ളൂ, രണ്ടാമതൊന്നില്ല, പ്രപഞ്ചം തന്നെ മിഥ്യയാണ് എന്ന് മായാവാദം പഠിപ്പിച്ച ശങ്കരാചാര്യരും ജാതീയമായ ഉച്ചനീചത്വത്തിന്റെ കാര്യത്തിൽ തനിബ്രാഹ്മണപക്ഷപാതിയായി. അപശൂദ്രാധികരണത്തിന്റെ തത്ത്വം പഠിപ്പിച്ച ശങ്കരൻ ബ്രാഹ്മണേതര ജാതിക്ക് ബ്രഹ്മജ്ഞാനം സാധ്യമല്ലെന്നു പ്രചരിപ്പിച്ചു. 'മഹാഭാരതത്തി'ലെ ശൂദ്രനായ വിദുരർക്ക് ബ്രഹ്മജ്ഞാനം ലഭിച്ചത് മുജ്ജന്മത്തിൽ ബ്രാഹ്മണശരീരിയായിരുന്നതുകൊണ്ടാണത്രെ. അപ്പോൾ ബ്രഹ്മസാക്ഷാത്കാരം നേടുന്നത് ദേഹമോ ദേഹിയോ? ദേഹത്തിന്റെ ഉണ്മയെത്തന്നെ നിരാകരിക്കുന്ന ശങ്കരൻ വിശുദ്ധിയുടെയും ജാതിയുടെയും കാര്യത്തിൽ തികഞ്ഞ ബ്രാഹ്മണ പക്ഷപാതിയായിരിക്കുന്നു.

മനുഷ്യരിൽ അസ്പൃശ്യതയും അയിത്തവും (അശുദ്ധം എന്നതിന്റെ തദ്ഭവമാണ് അയിത്തം) കൽപിക്കുന്ന ബ്രാഹ്മണമതത്തിന്റെ ഈ മനോഭാവത്തിനും വിശുദ്ധിയെക്കുറിച്ച സവർണ സങ്കൽപത്തിനുമെതിരെയാണ് ശ്രീബുദ്ധൻ മുതൽക്കുള്ള ആചാര്യന്മാരും ഹൈന്ദവ സമൂഹത്തിലെ നവോത്ഥാന പ്രവർത്തകരും സമുദായ പരിഷ്കർത്താക്കളും പോരാടിയിട്ടുള്ളത്. ശൂദ്രന്മാർക്കും സ്ത്രീകൾക്കുമടക്കം എല്ലാവർക്കും അറിവ് നേടാനുള്ള അവകാശമുണ്ടായിരിക്കുമ്പോഴും മനുഷ്യർക്കിടയിലുള്ള വേലിക്കെട്ടുകൾ തകരുമ്പോഴും ജന്മം കൊണ്ടല്ല, ധാർമിക യോഗ്യത കൊണ്ടാണ് മനുഷ്യൻ ശ്രേഷ്ഠനാവുന്നതെന്ന് പഠിപ്പിക്കപ്പെടുമ്പോഴുമാണ് സദ്ധർമം ഉണ്ടാകുന്നതെന്ന് ബുദ്ധൻ പഠിപ്പിക്കുന്നു.

ബ്രഹ്മാവിന്റെ മുഖത്തുനിന്ന് ജന്മമെടുത്തവരാണ് തങ്ങൾ എന്ന ചിന്തയാണ് മറ്റുള്ളവരെ അധമരായി കാണുന്നതിൽ ബ്രാഹ്മണർക്കുള്ള ന്യായം. ഋതുമതികളാകുന്ന ബ്രാഹ്മണ സ്ത്രീകൾ പുരുഷന്മാരുമായി രതിയിലേർപ്പെട്ട് ഗർഭവതികളായി പ്രസവിച്ചുണ്ടാകുന്ന നിങ്ങളെങ്ങനെയാണ് ബ്രഹ്മമുഖത്തുനിന്ന് ജനിച്ചവരാകുന്നതെന്ന് ബുദ്ധൻ പരിഹസിക്കുന്നു. 'മരം പൊട്ടി ഉണ്ടാകും പോലെയാണോ അത്' എന്നാണ് നാരായണഗുരു ചോദിച്ചത്. ദൈവത്തിന്റെ പുത്രന്മാരും സ്വന്തം ജനതയും എന്ന് യഹൂദന്മാർ സ്വയം കരുതിയതുപോലെയാണിതും. അതുകൊണ്ടാണല്ലോ മറ്റു ജനതകൾ ജൂതന്മാർക്ക് പുറജാതിയായത്. ഈ കാഴ്ചപ്പാടിനെ അവരിൽതന്നെയുള്ള പ്രവാചകന്മാർ ശക്തമായി വിമർശിച്ചതായി കാണാം. ഖുർആനും ഈയവകാശവാദത്തെ പരിഹസിക്കുന്നുണ്ട്.

എന്നാൽ സകല പരിവർത്തന ശ്രമങ്ങളെയും സമുദായ പരിഷ്കരണങ്ങളെയും ചെറുത്തുതോൽപിക്കാൻ മാത്രം ശക്തമായിരുന്നു ബ്രാഹ്മണ പൗരോഹിത്യം എന്നാണ് മനസ്സിലാക്കേണ്ടത്. നവോത്ഥാന സംരംഭങ്ങൾക്കും വൈക്കം, ഗുരുവായൂർ തുടങ്ങിയ അവകാശ സമരങ്ങൾക്കും ശേഷം പൊതുവായ മനുഷ്യാവകാശങ്ങൾ എല്ലാവർക്കും അംഗീകരിക്കപ്പെട്ടിട്ടും വരേണ്യതയുടെയും സവർണതയുടെയും മനസ്സ് അവശേഷിക്കുന്നു. സമുദായ പരിഷ്കരണം എന്നതിലപ്പുറം മനസ്സംസ്കരണം എന്ന കാര്യത്തിൽ നവോത്ഥാനങ്ങളെല്ലാം പരാജയപ്പെട്ടുവെ

ന്നല്ലേ ചിന്തിക്കാൻ കഴിയുക? മനുഷ്യനാക്കാനുള്ള ശ്രമങ്ങൾക്കു ശേഷവും നമ്പൂതിരി നമ്പൂതിരിയായിത്തന്നെ നിലകൊള്ളുകയാണ് ചിലരുടെയെങ്കിലും കാര്യത്തിൽ.

മനുഷ്യസമൂഹത്തിന് പുരോഗതിയും സാമൂഹിക ആത്മീയ വികാസങ്ങളുമുണ്ടാകണമെങ്കിൽ അവർ സമന്മാരും സഹോദരന്മാരുമായി പരിഗണിക്കപ്പെടണം. ചീർപ്പിന്റെ പല്ലുകൾ പോലെ സമന്മാർ (നബിവചനം). മനുഷ്യരെല്ലാം സമന്മാരായിരിക്കുമ്പോഴാണ് ധർമം സദ്ധർമായിത്തീരുക (ബുദ്ധൻ).

അങ്ങനെയൊരു ധർമത്തിലേക്കാണ് മഹാന്മാരായ ആചാര്യന്മാർ വിരൽചൂണ്ടിയത്. ആ വ്യവസ്ഥിതിയിൽ ഉത്തമയോനിജന്മാരും നീചയോനിജന്മാരുമില്ല. സൂകര (പന്നി), ശ്വാന സന്തതികളെയും ചണ്ഡാല, ശൂദ്ര സന്തതികളെയും ഒരുപോലെ കണക്കാക്കലുമില്ല. പിറവിയും ഗർഭപാത്രവും പവിത്രമാകുന്നു. ജന്മം കൊണ്ട് മനുഷ്യരെല്ലാവരും വിശുദ്ധരും.

ഒരേ ആത്മരൂപത്തിൽനിന്നാണ് സർവ മനുഷ്യരും പിറകൊണ്ടതെന്നാണ് വേദപാഠം. ഉപനിഷത്തുകൾ ഇത് പഠിപ്പിക്കുന്നുണ്ട്. ഖുർആൻ ഈ തത്ത്വത്തെ സ്ഥാപിക്കുന്നു (*അന്നിസാഅ്* 1). പാരമ്പര്യവുമായി ബന്ധപ്പെട്ട മനുഷ്യന്റെ വേരുകളാകട്ടെ, ഒരേ മാതാപിതാക്കളിൽ ചെന്നെത്തുന്നു (*അൽഹുജ്റാത്ത്* 13).

സ്വയം നഷ്ടപ്പെടുത്താത്തിടത്തോളം എല്ലാ മനുഷ്യരും വിശുദ്ധിയുള്ളവരാണ്. ഒപ്പം സമന്മാരും സഹോദരങ്ങളും. ഈ ആശയം സ്ഥാപിക്കപ്പെടുമ്പോഴേ മനുഷ്യർക്ക് മനുഷ്യരായിക്കൊണ്ടുള്ള നിലനിൽപും പുരോഗതിയുമുണ്ടാകൂ. ■